ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

വിട്ടുകിട്ടിയ കൊട്ടാരങ്ങൾ

*ശ്രീ. കുന്നുമ്മൽ (നോർത്ത്) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ദയവു മറുപടി നൽകുമോ.—

(എ) ഗവണ്മെണ്ടിലേക്ക് വിട്ടുകിട്ടിയിട്ടുള്ള കൊട്ടാരങ്ങളിൽ ഏതെല്ലാം ഏതെല്ലാം കാര്യങ്ങൾക്കായി ഇപ്പോൾ ഉപയോഗിച്ചുവരുന്നു;

(ബി) ഒഴിവായി വന്നിട്ടുള്ള ഗവണ്മെണ്ടു കെട്ടിടങ്ങളിൽ എത്ര; ഏവി ടെയെല്ലാം; ഏതെല്ലാം കാര്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

(ബി) ലിസ്റ്റിൽനിന്നതന്നെ ഇതു മനസ്സിലാകുന്നതാണ്.

LIST

(1)	Mattuppa Palace—Trivandrum	..	Text Book Office.
(2)	Bhaktivilas	..	M.L.A's Quarters.
(3)	Padmavilasom	..	Guest House.
(4)	Kandukrishi Meda	..	Transport Department.
(5)	Panivagai Office		
(6)	Guests Quarters	..	Four blocks used as residential quarters given over on rent and one block used for providing additional accommodation to Taluk Office.
(7)	Narthakalayam	..	Palace Guards.
(8)	A portion of the Royal Stables	..	Sub-Jail and A. S. P's Office.
(9)	Ramavarmapuram Palace, Nagercoil	..	Village Panchayat, A.S.P's office and other Offices.
(10)	Krishnancoil Palace, Nagercoil	..	Local Offices.
(11)	Puthen Bungalow	..	Rest House.
(12)	Thiruvattar Palace	..	Under consideration.
(13)	Do. Satrom	..	Local Offices.
(14)	Satrom and Palace, Neyyattinkara	..	do.
(15)	Kazhakkuttom Palace	..	Wholesale Depot.
(16)	Thevally Palace, Quilon	..	Local Offices.
(17)	Chavara Palace	..	do.
(18)	Chengannoor Palace	..	do.
(19)	Kottarakara Palace	..	do.
(20)	Kandiyoor Palace, Mavelikara	..	do.
(21)	Vyskkarakunnu, Kottayam. Allotted for	..	do.
(22)	Mampally, Vaikom	..	do.
(23)	Kochu Kottaram—Parur	..	Whole Sale Depot and Local Offices.

Sri. P. Balakrishnan Tampi: Will the Hon'ble Chief Minister be able to enlighten the House whether any of those buildings have been given for meetings of political parties?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : ചില പ്രത്യേക അവസരങ്ങളിൽ കൊടുത്തിട്ടുണ്ട്.

Sri. P. Balakrishnan Tampi : Am I to understand, Sir, that such buildings will be available for all political parties?

Mr. Speaker : That is not a supplementary question.

ശ്രീ. സി. വി. ഇയ്യു : ഈ കെട്ടിടങ്ങൾ ഇങ്ങനെയുള്ള ആവശ്യങ്ങൾക്ക് കൊടുക്കുമ്പോൾ അവരിൽനിന്നും വാടകയോ മറ്റോ ഈടാക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല.

ശ്രീ. സി. വി. ഇയ്യു: വിട്ടുകിട്ടിയ കൊട്ടാരങ്ങളിൽ എന്തു ചെയ്യുകയാണ്.

ശ്രീ. ടി. കെ. നാരായണപിള്ള : അവയിൽ ആഫീസുകൾ ഇട്ടിട്ടുണ്ട്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ് : ഡൽഹിയിൽ തിരുവിതാംകൂർ ഹൗസ്സ് എന്തു ഉപയോഗത്തിനായിട്ട് ഇട്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. നാരായണപിള്ള : അതിനെ കുറിച്ച് പ്രത്യേകം ഒരു ചോദ്യം ഉണ്ട് അപ്പോൾ പറയാം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ആലപ്പുഴ കൊട്ടാരത്തിൽ ആഫിസ് ഇട്ടിരിക്കുന്നതു മെയിൻബിൽഡിംഗിൽ ആണോ?

ശ്രീ. ടി. കെ. നാരായണപിള്ള : അല്ലാ, ബിൽഡിംഗിന്റെ ഒരു ഭാഗത്താണ്. മാറ്റാൻ സാധിക്കുകയില്ല.

ഡെൽഹികൊട്ടാരവും, കൊല്ലം കൊട്ടാരവും

*ഇൻ ൦. (൯൦) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഡെൽഹിയിലെ കൊട്ടാരവും കൊല്ലം റയിൽവെ കൊട്ടാരവും വിട്ടുകിട്ടിയോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

രണ്ടും കിട്ടിയിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ : ഡെൽഹികൊട്ടാരത്തെ എന്തു ഉപയോഗത്തിനായിട്ട് വെച്ചിരിക്കുകയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : അതു് റഷ്യൻ എംബസിക്ക് വാടകയ്ക്ക് കൊടുത്തിരിക്കുകയാണ്.

ശ്രീ. കെ. എ. മാത്യു : കൊല്ലം റെയിൽവെ കൊട്ടാരം എന്തു ഉപയോഗത്തിനായിട്ട് വച്ചിരിക്കുകയാണ്?

ശ്രീ. ടി. കെ. നാരായണപിള്ള : ഈ കൊട്ടാരം ഒരു ലൈബ്രറിയുടെ ആവശ്യത്തിന് കിട്ടണമെന്ന കാണിച്ച് അപേക്ഷകൾ ഉണ്ട്. അതു അനുവദിച്ചിട്ടില്ല. ഒരുപക്ഷെ മഹാരാജാവു് ചില അവസരങ്ങളിൽ യാത്ര ചെയ്യുമ്പോൾ താമസിക്കേണ്ടിവരുമെന്നുള്ളതുകൂടി നാം ആലോചിക്കണം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ഡൽഹികൊട്ടാരം എത്ര രൂപാക്ക ആണ് വാടകയ്ക്ക് കൊടുത്തിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : ആണ്ടിൽ ൩,൩ ൦ ൦ രൂപ വാടകയ്ക്ക്.

ശ്രീ. ഈപ്പൻ അറയ്ക്കൽ : ഈ വാടക ആരാണ് പിരിക്കുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly